# ആസൂത്രണബോർഡിന്റെ 'വികസനപരിപ്രേക്ഷ്യം 2030' ഭരണഘടനാവിരുദ്ധം: പഠനകോൺഗ്രസ് രേഖ

## വാണിജ്യ-ജാതിമത താല്പര്യങ്ങൾക്ക പൊതുവിദ്യാഭ്യാസത്തെ യുഡിഎഫ് സർക്കാർ ബലികഴിച്ചു

സൗജന്യവും നിർബ്ബന്ധിതവുമായ വിദ്യാഭ്യാസം 14 വയസുവരെയുള്ള എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക എന്ന ഭരണഘടനാതത്ത്വത്തിന്റെ പരസ്യമായ ലംഘനം അരക്കിട്ടുറപ്പിക്കുന്നതാണ് സംസ്ഥാന ആസൂത്രണ ബോർഡ് തയ്യാറാക്കിയിരിക്കുന്ന 'വികസനപരിപ്രേക്ഷ്യം 2030' എന്ന് നാലാം അന്താരാഷ്ട്ര കേരളപഠന കോൺഗ്രസ് രേഖ. പഠനകോൺഗ്രസിലെ ചർച്ചയ്ക്കായി തയ്യാറാക്കിയ 'കേരളവികസന അജൻഡ'യുടെ രണ്ടാം സഞ്ചികയിലാണ് യുഡിഎഫ് സർക്കാരിന്റെയും ആസൂത്രണബോർഡിന്റെയും നയസമീപനങ്ങൾക്കെതിരായ രൂക്ഷ വിമർശങ്ങളുള്ളത്.

വിദ്യാഭ്യാസരംഗം മെച്ചപ്പെടുത്താനുള്ള കൃത്യമായ നയസമീപനങ്ങൾ പൊതുചർച്ചയിലൂടെ രൂപപ്പെടുത്തേണ്ടതിനുപകരം വാണിജ്യ-ജാതിമത താല്പര്യങ്ങൾക്ക യുഡിഎഫ് സർക്കാർ ഒത്താശയും ഊന്നലും നൽകിയത് പൊതുവിദ്യാഭ്യാസരംഗത്തെ പ്രതിസന്ധി മൂർച്ഛിപ്പിച്ചിരിക്കുകയാണെന്നും രേഖ വിലയിരുത്തുന്നു. വിദ്യാഭ്യാസവിദഗ്ധരെയും ആ രംഗത്തു പ്രവർത്തിക്കുന്ന പ്രമുഖരെയും പങ്കെടുപ്പിച്ചു നടത്തിയ വിപുലമായ സെമിനാറിന്റെ അടിസ്ഥാനത്തിൽ എകെജി പഠനഗവേഷണ കേന്ദ്രം രൂപപ്പെടുത്തിയതാണു രേഖ.

കേന്ദ്രസർക്കാർ കരിക്കുലംചട്ടക്കൂടിന് അടിസ്ഥാനമാക്കിയത് കേരളത്തിന്റെ പാഠ്യപദ്ധതിയുടെ സമീപനമായിരുന്നു. എന്നാൽ, കേന്ദ്രസർക്കാരിലെ ഈ അനുകൂലസാഹചര്യം ഉണ്ടായിരുന്നിട്ടും അത്ര മികച്ച ആ പാഠ്യപദ്ധതിയെപ്പറ്റി കാര്യമായ ഒരു ചർച്ചയും നടത്താതെ കാണാപ്പാഠത്തിലും പഠനഫലങ്ങളിലും ഊന്നുന്ന ഒരു പാഠ്യപദ്ധതിയിലേക്കു മാറുകയാണ് ഇപ്പോഴത്തെ സർക്കാർ ചെയ്തത്.

കേരളത്തിൽ സ്കൂൾപ്രായത്തിലുള്ള കുട്ടികളുടെ എണ്ണം കുറയുകയാണ്. ഇവർക്കുവേണ്ട വിദ്യാലസൗകര്യം ഇന്നുണ്ട്. എന്നിട്ടും സംസ്ഥാനത്തുടനീളം സിബിഎസ്ഇ, ഐസിഎസ്ഇ, ഇന്റർനാഷണൽ സ്കൂളുകൾ തുടങ്ങാൻ ഒരു തത്വദീക്ഷയുമില്ലാതെ അനുവാദം കൊടുക്കുകയായിരുന്നു. ഇതിന്റെ മറവിൽ അനുവാദം പ്രതീക്ഷിച്ചുകൊണ്ട് കണക്കിൽപ്പെടാത്ത നിരവധി സ്കൂളുകൾ പ്രവർത്തിക്കുന്നു. ഇതിലെ സാമൂഹികദുരന്തം മനസിലാക്കാതെയോ അവഗണിച്ചോ ഇതിനു നൽകിവരുന്ന ഒത്താശ അനാദായകരമെന്നു വിളിക്കുന്ന സ്കൂളുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കാൻ ഇടയാക്കുന്നു.

ജാതി-മത-വാണിജ്യ ശക്തികളെ പൂർണ്ണമായും പിന്തുണയ്ക്കുകയും പാഠ്യപദ്ധതിയിൽ മുമ്പു കൈവരിച്ച നേട്ടങ്ങൾ പോലും അതിനുവേണ്ടി ഇല്ലാതാക്കുകയും ചെയ്യുന്ന ഇപ്പോഴത്തെ കേന്ദ്രസർക്കാർ നയങ്ങൾ പുതിയ പ്രവണതകൾ സൃഷ്ടിക്കുകയാണ്. പൊതു-സ്വകാര്യ പങ്കാളിത്തം പറഞ്ഞു പൊതുവിദ്യാലയങ്ങൾ സ്വകാര്യമേഖലയ്ക്കു വിൽക്കുന്ന രാജ്സ്ഥാൻ, തെലങ്കാന, ഹരിയാന മാതൃക ഇതിന്റെ ഭാഗമാണ്. ഇപ്രകാരം വിൽക്കാനും വാങ്ങാനുമുള്ള താല്പര്യം കേരളത്തിലും ചില സ്വകാര്യമാനേജ്മെന്റുകൾ പ്രകടിപ്പിച്ചുതുടങ്ങിയതായി രേഖ വെളിപ്പെടുത്തുന്നു. ഇതേപ്പറ്റി ഒരു ചർച്ചയും ഉയരുന്നില്ലെന്നതിൽ രേഖ ആശങ്കപ്പെടുകയും ചെയ്യുന്നു.

പൊതുവിദ്യാഭ്യാസത്തിന്റെ ഈ തകർച്ചയും രൂപപ്പകർച്ചയും നഗരങ്ങളിലെയും ഗ്രാമങ്ങളിലെയും തൊഴിലെടുക്കുന്ന ഭൂരിപക്ഷത്തിന്റെയും ദളിതരും ആദിവാസികളും തീരദേശവാസികളും അടങ്ങുന്ന അധഃസ്ഥിതരുടെയും ജനാധിപത്യപരമായ വിദ്യാഭ്യാസാവകാശം പടിപടിയായി ഇല്ലാതാക്കുകയാണ്. ആ അവകാശങ്ങൾക്കെതിരായ കടന്നാക്രമണമാണ് ഈ നീക്കങ്ങൾ.

“ഉപരിവർഗ്ഗ-വരേണ്യവർഗ്ഗ വിദ്യാലയങ്ങളിൽ ഈ വിഭാഗങ്ങൾക്കു പ്രവേശനമില്ല. എൽകെജി പ്രവേശനത്തിനുപോലും ലക്ഷങ്ങൾ എണ്ണിക്കൊടുക്കേണ്ട അവസ്ഥ ഇവർക്കുള്ള അവസരനിഷേധമാണ്. ദീനാനുകമ്പയുടെ പേരിൽ വല്ല മതസ്ഥാപനവും പ്രവേശനം നൽകിയാൽത്തന്നെ വർഗ്ഗ-ജാതി-മത ഭിന്നതകൾ അതു വളർത്തുകയും ചെയ്യുന്നു.” രേഖ വിലയിരുത്തുന്നു. ഇതു ഭരണഘടനാലംഘനമാണ്.

കേരളത്തിലെ വിദ്യാഭ്യാസമേഖല നേരിടുന്ന വെല്ലുവിളികൾ കൂടുതൽ ശക്തമായ വാണിജ്യവത്ക്കരണത്തിലൂടെ പരിഹരിക്കാമെന്ന കാഴ്ചപ്പാടു മുന്നോട്ടുവയ്ക്കുന്ന ആസൂത്രണബോർഡിന്റെ ‘വികസനപരിപ്രേക്ഷ്യം 2030’ ഈ സാഹചര്യം കൂടുതൽ വഷളാക്കും. പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിനും ജനകീയ ഇടപെടൽ വർദ്ധിപ്പിക്കുന്നതിനും പകരം ഫിൻലൻഡിൻലെ രീതികളും സ്വകാര്യ, അൺഎയ്ഡഡ് സ്കൂളുകൾ അടക്കമുള്ള കോമൺ കോമ്പ്രിഹെൻസിവ് സ്കൂൾ സിസ്റ്റം വേണമെന്നും ഒക്കെയാണ് ആസൂത്രണബോർഡ് പറയുന്നത്. ജനദ്രോഹനയങ്ങളുടെ ഔപചാരികപ്രഖ്യപനം എന്നാണ് വികസനപരിപ്രേക്ഷ്യത്തെ പഠനകോൺഗ്രസ് രേഖ വിശേഷ്പിക്കുന്നത്.

ഇതടക്കം നിരവധി വിമർശങ്ങളും അപഗ്രഥനങ്ങളും നിർദ്ദേശങ്ങളും അടങ്ങുന്നതാണു വിദ്യാഭ്യാസത്തെപ്പറ്റിയുള്ള പഠനകോൺഗ്രസ് രേഖ. വിദ്യാഭ്യാസത്തിനു പുറമെ, വിവിധ വികസന-ക്ഷേമ രംഗങ്ങളെപ്പറ്റിയുള്ള അൻപതോളം പ്രബന്ധങ്ങൾ മൂന്നു സഞ്ചികകളായി തയ്യാറാക്കിയിട്ടുള്ള കേരളവികസന അജൻഡയിൽ ഉണ്ട്. ഇവ സമഗ്രമായി ചർച്ച ചെയ്യുന്നതിനാണ് ജനുവരി 9, 10 തീയതികളിൽ നാലാം അന്താരാഷ്ട്ര കേരളപഠന കോൺഗ്രസ് സംഘടിപ്പിക്കുന്നത്.